**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1871 — 14.08.2017 ൽ മറുപടിക്ക്

## ആർദ്രം പദ്ധതിയുടെ കൊല്ലം ജില്ലയിലെ പ്രവർത്തനപുരോഗതി

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതി നടപ്പിലാക്കുന്നതിൽ കൊല്ലം ജില്ലയിലെ പ്രവർത്തനപുരോഗതി വിശദമാക്കുമോ; | (എ)<br>&<br>(ബി) | ചാത്തന്നൂർ, തെന്മല, ഇരവിപുരം, പെരുമൺ, ഉമ്മന്നൂർ, ചവറ, കുലശേഖരപുരം, ചടയമംഗലം, വിളക്കുടി, ഇളമ്പള്ളൂർ, എസ് .എൻ.പുരം, വെളിയം എന്നീ 12 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തിരഞ്ഞെടുത്തിട്ടുണ്ട്. ഇവയിൽ ചാത്തന്നൂർ, ഇരവിപുരം, പെരുമൺ, കുലശേഖരപുരം, ചടയമംഗലം, വിളക്കുടി, ഇളമ്പള്ളൂർ, വെളിയം എന്നീ എട്ട് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ 2017 സെപ്റ്റംബർ 17 -നം മറ്റുള്ളവ ഈ സാമ്പത്തികവർഷം അവസാനത്തോടെയും കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ ആശുപത്രികളിൽ ഓരോ ഡോക്ടറുടെയും, സ്റ്റാഫ് നേഴ്സിന്റേയും, ലാബ് ടെക്നീഷ്യന്റെയും അധിക തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ ഈ ആശുപത്രികളിൽ ആശ്വാസം ക്ലീനിക്, ആരോഗ്യസേന രൂപീകരണം, കമ്പ്യൂട്ടറൈസ്ഡ് ഒ. പി രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യം, കുടിവെള്ളം-ടോയ്‌ലറ്റ് സൗകര്യങ്ങൾ, സൈനേജുകൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻസൗകര്യങ്ങൾ, നേഴ്സിങ് കൗൺസിലിങ്, പബ്ലിക് അഡ്രസ് സിസ്റ്റം, ആരോഗ്യ ബോധവൽക്കരണത്തിനായുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ തുടങ്ങിയവ ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | വെളിയം, ഉമ്മന്നൂർ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ